## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2757 — 07.12.2018-ൽ മറുപടിയ്ക്ക്

### സാമൂഹ്യ പഠന മുറി പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| ചോദ്യം | | മറുപടി | |
| എ) | പട്ടികജാതി - പട്ടികവർഗ്ഗ വികസന വകുപ്പുകൾ നടപ്പിലാക്കുന്ന സാമൂഹ്യ പഠന മുറി പദ്ധതി പ്രകാരം എറണാകുളം ജില്ലയിൽ എത്ര ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | എ) | എറണാകുളം ജില്ലയിൽ 2017-18-ൽ പട്ടികജാതി വികസന വകുപ്പ് 689 കുടുംബങ്ങൾക്ക് പഠനമുറി ധനസഹായം അനുവദിച്ചിട്ടുണ്ട്. 469 എണ്ണം പൂർത്തിയായി. 2018-19 വർഷത്തിൽ 520 പേർക്ക് പഠനമുറി അനുവദിക്കുവാൻ ലക്ഷ്യമിടുന്നു. 275 പേർക്ക് ഒന്നാം ഗഡു നൽകി.<br>പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന സാമൂഹ്യപഠനമുറി പദ്ധതി പ്രകാരം 2017-18 സാമ്പത്തിക വർഷം എറണാകുളം ജില്ലയിൽ വെള്ളാരംകുത്ത്, ഇളംബ്ലാശ്ശേരി, പിണവൂർക്കുടി കോളനികളിൽ 3 സാമൂഹ്യ പഠനമുറികളാണ് ആരംഭിച്ചിട്ടുള്ളത്. ഒരു സാമൂഹ്യ പഠനമുറിയിൽ 30 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനം നടത്തുന്നതിന് സൗകര്യം ഒരുക്കിയിട്ടുണ്ട്. |
| ബി) | പ്രസ്തുത ധനസഹായം ആർക്കെല്ലാമാണ് അനുവദിച്ചിട്ടുള്ളതെന്ന് നിയോജക | ബി) | സാമൂഹ്യ പഠനമുറി നടപ്പിലാക്കുന്നത് വ്യക്തിഗതാടിസ്ഥാനത്തിലല്ല. കുറഞ്ഞത് 30 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന നിലവാരം |

| | | | |
|---|---|---|---|
| | മണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ? | | ഉയർത്തുന്നതിനാവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി കോളനികളിലാണ് ടി പദ്ധതി നടപ്പിലാക്കുന്നതിന് തെരഞ്ഞെടുക്കുന്നത്. എറണാകുളം ജില്ലയിൽ കോതമംഗലം നിയോജകമണ്ഡലത്തിലാണ് 3 സാമൂഹ്യ പഠനമുറികളും പ്രവർത്തിക്കുന്നത്.<br>പട്ടികജാതി വികസന വകുപ്പ് നടപ്പാക്കിയ പഠനമുറി പദ്ധതിയുടെ മണ്ഡലം തിരിച്ചുള്ള കണക്ക് ശേഖരിച്ച് സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ